## കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ദിനാഘോഷം 2012 - എക്സിബിഷനിൽ പങ്കെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് ചെലവനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

സ.ഉ.(സാധാ) നം1192/2012/തസ്വഭവ — തിരുവനന്തപുരം, തീയതി, 26/4/2012.

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 9.4.2012 ലെ ജി2- 35900/12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2012 ഏപ്രിൽ 23, 24 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുടെ വികസന മാതൃകകൾ ഉൾപ്പെടുത്തി നടത്തിയ എക്സിബിഷനിൽ പങ്കെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് പ്രദർശനച്ചിലവുകളുടെ ഭാഗമായി 20,000/- രൂപ വീതം (രൂപ ഇരുപതിനായിരം) ചെലവനുമതി നൽകുവാൻ നടപടി സ്വീകരിക്കണമെന്ന് പരാമർശം പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. 2012 ഏപ്രിൽ 23-ാം തീയതി പഞ്ചായത്ത് ദിനാഘോഷങ്ങളുടെ ഭാഗമായി നടത്തിയ എക്സിബിഷനിൽ മികച്ച വികസനമാതൃകകൾ പ്രദർശിപ്പിച്ച ഗ്രാമപഞ്ചായത്തുകൾക്ക് ആയതിന്റെ ചിലവുകൾക്കായി അതത് പഞ്ചായത്തുകളുടെ തനതുഫണ്ടിൽ നിന്നും 20,000/-രൂപ വീതം ചിലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർക്കും /സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (IKM) , പാങ്ങപ്പാറ, തിരുവനന്തപുരം-81.